**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1337** **15-10-2026-ൽ മറുപടിയ്ക്ക്**

**ഭൂനികുതി സ്വീകരിക്കുന്നതിന് തടസ്സം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ദീപക് ജോയ് ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ഡിജിറ്റൽ റീസർവ്വേ അപാകതകൾ കാരണം ഭൂനികുതി സ്വീകരിക്കുന്നത് തടയപ്പെടുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**മറുപടി:** 2025-ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ അളവുകളിലെ ഏറ്റക്കുറച്ചിലുകൾ മൂലം ഭൂനികുതി സ്വീകരിക്കുന്നത് തടസ്സപ്പെടാതിരിക്കാൻ 13/01/2025 ലെ സ.ഉ (കൈ ) 7/2025/ആർ.ഡി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് വില്ലേജ് ഓഫീസർമാർ 'എന്റെ ഭൂമി' (ILIMS) പോർട്ടൽ വഴി ഒറ്റത്തവണ പരിശോധന (OTV) പൂർത്തിയാക്കി d-BTR-ലെ വിസ്തീർണ്ണത്തിന്മേൽ എല്ലാ ഭൂമിയിന്മേലും നികുതി സ്വീകരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഡിജിറ്റൽ സർവ്വേ രേഖകൾ കരട് പ്രസിദ്ധീകരിച്ച സമയത്ത് പരാതികൾ ഉണ്ടെങ്കിൽ ആയത് സമർപ്പിക്കുന്നതിന് പൊതുജനങ്ങൾക്ക് survey.entebhoomi.kerala.gov.in എന്ന പോർട്ടൽ മുഖേന സർവ്വേ വകുപ്പ് സൗകര്യമൊരുക്കിയിട്ടുണ്ട്. വിസ്തീർണ്ണ വ്യത്യാസം ഉണ്ടാവുന്ന കേസുകളിൽ സർക്കാർ ഭൂമിയിൽ കുറവുണ്ടോ എന്ന് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് വില്ലേജ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**